**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4963** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം. എം. മണി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സ്കൂൾ കുട്ടികൾക്കിടയിൽ സിന്തറ്റിക് ലഹരി ഉൾപ്പെടെയുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന വിവരം സർക്കരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | സ്കൂൾ കുട്ടികൾക്കിടയിൽ സിന്തറ്റിക് ലഹരി ഉപയോഗം സബന്ധിച്ച വിവരങ്ങളൊന്നും തന്നെ വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | ലഹരി ഉപയോഗം തടയുന്നതിനും സ്കൂൾ പരിസരങ്ങളിൽ ലഹരി വിൽപ്പന തടയുന്നതിനുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | സ്കൂൾ പരിസരത്ത് ലഹരി വില്പന തടയുന്നതിന വേണ്ടി എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. സ്കൂൾ പരിസരങ്ങളിലും കടകളിലും ലഹരി മരുന്നുകൾ, പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ ഭക്ഷ്യ വസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ഇതര സർക്കാർ വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും, സ്കൂ പരിസരങ്ങളിൽ ലഹരി ഉപയോഗിച്ചതായി സംശയിക്കപ്പെടുന്നവരെ പരിശോധന നടത്തി ലഹരി ഉപയോഗിച്ചതായി കണ്ടെത്തിയാൽ അത്തരക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും റെയ്ഞ്ച് ഇൻസ്പെക്ടർമാർ/റെയിഞ്ചുകളുടെ ചുമതല വഹിക്കുന്നവർ സ്കൂൾ സന്ദർശിക്കുകയും ഉപയോഗശൂന്യമായ ബാത്ത് റൂമുകൾ, മറ്റ് കെട്ടിടങ്ങൾ, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ മറഞ്ഞിരിക്കുവാൻ കഴിയുന്ന സ്ഥലങ്ങൾ എന്നിവ കണ്ടെത്തി ആയത് സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും, സ്കൂൾ പരിസരത്തെ വിവിധ കടകളിൽ നിരന്തരം പരിശോധന നടത്തുകയും, ലഹരി പദാർത്ഥങ്ങൾ കണ്ടെത്തുന്നപക്ഷം കടകളുടെ ലൈസൻസ് റ ചെയ്യുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കത്ത് നൽകുകയും, സ്കൂൾ |

| | | | |
|---|---|---|---|
| | | | തുറക്കുന്നതിന് മുന്നോടിയായി ഒരു മണിക്കൂർ മുമ്പും സമയം അവസാനിച്ചതിനുശേഷം അരമണിക്കൂറും സ്കൂൾ പരിസരങ്ങളിൽ മഫ്തി പട്രോളിംഗും, ബൈക്ക് പട്രോളിംഗും നടത്തുകയു ഇതരവകുപ്പുകളുമായി ചേർന്ന് സ്കൂൾ പരിസരങ്ങളിൽ വിവിധ സമയങ്ങളിൽ വാഹ പരിശോധന നടത്തുകയും, പുകയില, മദ്യം, മയക്കമരുന്ന് എന്നിവ ഉപയോഗിക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി കൗൺസിലിംഗ്/ ഡീ- അഡിക്ഷൻ ചികിത്സയ്ക്ക് വിധേയരാക്കുകയും ചെയ്തുവരുന്നു.<br><br>ലഹരി ഉപയോഗവും ലഹരി വില്പനയും തടയുന്നതിനായി എക്സൈസ് വകുപ്പിനെ ബന്ധപ്പെടുന്നതിന് 9656178000, 9447178000, 906178000 എന്നീ ഫോൺ നമ്പരുകൾ ഉണ്ട്. ഇതിൽ 9447178000 നമ്പ എക്സൈസ് കമ്മീഷണറുടെ കൺട്രോൾ റൂം നമ്പരാണ്. ഈ നമ്പരിൽ ലഭിക്കുന്ന വിവരം ഫീൽഡ് ഉദ്യോഗസ്ഥർക്ക് കൈമാറി സത്വര നടപടികൾ സ്വീകരിക്കുന്നു. 9656178000 എന്ന നമ്പർ 'നേർവഴി' എന്ന പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. ഈ നമ്പർ അദ്ധ്യാപകർക്ക തങ്ങളുടെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളിൽ ലഹരി ഉപയോഗം സംശയിക്കുന്ന അവസരത്തിൽ എക്സൈസ് വകുപ്പിനെ അറിയിക്കുന്നതിന് ഉപയോഗിക്കുന്നു കൂടാതെ സൗജന്യ കൗൺസിലിംഗിനായി 14405 എന്ന നമ്പരിലും ബന്ധപ്പെടാവുന്നതാണ്. |
| (സി) | നാളിതുവരെ സ്വീകരിച്ചു വന്ന നടപടികൾ കൊണ്ട് മാത്രം ലഹരി ഉപയോഗത്തിന് പൂർണ്ണമായും തടയിടാൻ കഴിയും എന്ന് കരുതുന്നുണ്ടോ; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരി ഉപയോഗം തടയുന്നതിനുള്ള നടപടികളാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. ലഹരി ഉപയോഗവും വ്യാപനവും നിയന്ത്രിക്കുന്നതിനുള്ള നടപടികൾ എന്നതിനെ സംബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലഹരി വിരുദ്ധ പ്രചാരണം ഏകോപിപ്പിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ബഹു.തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി ഉപാദ്ധ്യക്ഷനായും, ബഹു.ധനകാര്യം, ബഹു.പൊതു വിദ്യാഭ്യാസം, ബഹു.ഉന്നത വിദ്യാഭ്യാസം, ബഹു.സാമൂഹ്യനീതി,ബഹു. ആരോഗ്യം, ബഹു.നിയമം,ബഹു. യുവജനക്ഷേമം. കായികം, ബഹു.റവന്യൂ, ബഹു.പട്ടികജാതി പട്ടികവർഗ്ഗ-പിന്നോക്കക്ഷേമം, ബഹു.ഫിഷറീസ് എന്നീ വകുപ്പ് മന്ത്രിമാരും, സെക്രട്ടറിമാരും, സംസ്ഥാന പോലീസ് |

| | | | |
|---|---|---|---|
| | | | മേധാവിയും, എക്സൈസ് കമ്മീഷണറും അംഗങ്ങളായും, ചീഫ് സെക്രട്ടറി കോ-ഓർഡിനേറ്റർ ആയും, ആഭ്യന്തര, നികുതി (എക്സൈസ്) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ ജോയിൻറ് കോ-ഓർഡിനേറ്റർ ആയും ഒരു സംസ്ഥാന തലസമിതി രൂപീകരിച്ച് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് വരികയാണ്.<br><br>ഇതിനോടനുബന്ധമായി ജില്ലകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള അടിസ്ഥാന പ്രവർത്തനങ്ങളുടെ വിപുലീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപന മേധാവി അധ്യക്ഷനായും പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ കൺവീനറായും തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ സമിതികൾ രൂപീകരിക്കുകയും ഇതിൽ വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, വിവിധ ജാതിമതസാമൂഹിക സാംസ്കാരിക സംഘടനാ പ്രതിനിധികൾ, പ്രാദേശിക കൂട്ടായ്മകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, ഗ്രന്ഥശാല, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയിലെ പ്രതിനിധികളെ അംഗങ്ങളായി ഉൾപ്പെടുത്തി വിവിധതരം ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തി വരികയാണ്.<br><br>പൊതുവായി ആളുകൾ ഒത്തുചേരുന്ന കേന്ദ്രങ്ങളായ വായനശാല, ക്ലബ്ബുകൾ, ബസ് സ്റ്റാന്റുകൾ, കവലകൾ എന്നിവിടങ്ങളിൽ ജനജാഗ്രത സദസ്സുകൾ സംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്ന വീഡിയോ പ്രദർശിപ്പിക്കുകയും, സംവാദങ്ങൾ സംഘടിപ്പിക്കുകയും ചെയ്തിരുന്നു. പ്രചാരണ പരിപാടികൾ കൊണ്ട് മാത്രം ഇതിന്റെ വ്യാപനം പൂർണമായി തടയാൻ കഴിയില്ല എങ്കിലും ഇതിന്റെ ദൂഷ്യവശങ്ങൾ സംബന്ധിച്ച് അവബോധം നല്കാൻ കഴിയും. |
| (ഡി) | കൂടുതൽ ഫലപ്രദമായ രീതിയിൽ കുട്ടികളിലെ ലഹരി ഉപയോഗം അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കാമോ? | (ഡി) | വിദ്യാലയങ്ങളിലെ ലഹരി വിരുദ്ധ ക്യാംപെയിനിൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗം അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. സമൂഹത്തെ ലഹരി ക്കെതിരെ ശാക്തീകരിക്കൽ, ആരോഗ്യകരമായ ജീവിതശൈലി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. |

ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

അമ്മ റിസോഴ്സ് ഗ്രൂപ്പായി. രക്ഷകർത്താക്കളുടെ കൂട്ടായ്മ സ്കൂൾ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകി വരുന്നു.

ലഹരി ഉപയോഗം കണ്ടെത്തുക, അറിയിക്കുക, പരിഹാര മാർഗങ്ങൾ നിശ്ചയിക്കുക എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പ്രൈമറി, സെക്കണ്ടറി തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അവധിക്കാല അധ്യാപക പരിശിലനത്തിൽ നൽകിയിട്ടുണ്ട്.

ലഹരിക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ prahari club/Children's Club, anti narcotic club രൂപീകരിക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. കലാ-കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

'തെളിവാനം വരയ്ക്കുന്നവർ' എന്ന പുസ്തകം എക്സൈസ് വകുപ്പുമായി ചേർന്ന് തയ്യാറാക്കുകയും ആയതിൽ ലഹരിക്കെതിരെ കുട്ടികളുടെ മനോഭാവം വളർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചിട്ടുമുണ്ട്. എക്സൈസ് വകുപ്പ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി കരുതൽ, കവചം എന്നീ പുസ്തകങ്ങളും തയ്യാറാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26 ന് ലഹരി വിരുദ്ധ പാർലമെന്റ്, ശിശു ദിനത്തിൽ പ്രത്യേക അസംബ്ലി, ഒക്ടോബർ 2 ന് സംവാദ സദസ്സ്,ജനുവരി 30 നു ക്ലാസ് സഭ എന്നിവ നടത്തിയിട്ടുണ്ട്.

കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം ലഭ്യമാക്കിയ നവചേതന മൊഡ്യൂൾ പ്രകാരം അധ്യാപകർക്ക് ടി വിഷയവുമായി ബന്ധപ്പെട്ട പരിശീലനം

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഒന്ന് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ തയ്യാറാക്കിയ ആരോഗ്യ ജീവിത നൈപുണി വിദ്യാഭ്യാസ പദ്ധതിയുമായി ബന്ധപ്പെട്ട പാഠപുസ്തകങ്ങളിലും (ഉല്ലാസ പറവകൾ) ഈ വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>2024-25 അക്കാദമിക വർഷത്തിൽ പരിഷ്കരിച്ച പാഠപുസ്തകങ്ങളിൽ അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, മലയാളം, ഉറുദു, അറബി എന്നീ വിഷയങ്ങളിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ തലങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ<br><br>2025-26 അക്കാദമിക വർഷം പരിഷ്കരിക്കുന്ന വിവിധ വിഷയങ്ങളിലെ പാഠപുസ്തങ്ങളിൽ പ്രസ്തുത വിഷയം ഉൾപ്പട്ടുത്തുന്നുണ്ട്. പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ടാം ഘട്ടത്തിൽ അപ്പർ പ്രൈമറി, ഹൈസ്കൂൾ വിഭാഗത്തിലെ ക്ലാസുകളിലെ പുതുക്കിയ പാഠപുസ്തകങ്ങളിലും ലഹരിയ്ക്കും മയക്കു മരുന്നിനും എതിരായിട്ടുള്ള പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് കുട്ടികളിൽ അവഗാഹം ഉണ്ടാക്കേണ്ടതും കുട്ടികൾക്ക് ലഹരികൾ ലഭിക്കുന്ന വഴികൾ തടയേണ്ടതും ഈ കാലഘട്ടത്തിലെ അടിയന്തിര ആവശ്യമായി മാറിയിട്ടുണ്ട്. ഈ വിഷയം ഗൗരവമായി കണക്കിലെടുത്ത് വിദ്യാഭ്യാസ വകുപ്പ് കൂടുതൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ